## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3363 24.02.2016 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിലെ ജോലിഭാരം

**ചോദ്യം**

ശ്രീ. പി.തിലോത്തമൻ

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ നിലവിൽ നൽകുന്ന സേവനങ്ങൾ കുറ്റമറ്റ രീതിയിൽ നൽകാവുന്ന വിധം ജീവനക്കാർ ഉണ്ടോ എന്ന് പറയാമോ ; | (എ) | ജീവനക്കാരുടെ പരിമിതിയുണ്ടെങ്കിലും സേവനങ്ങൾ കുറ്റമറ്റ രീതിയിൽ നൽകി വരുന്നുണ്ട്. |
| (ബി) | ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ തുടങ്ങിയ നിരവധി ആവശ്യങ്ങൾക്ക് ഓഫീസുകളിലെത്തുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സർവ്വീസ് എളുപ്പമാക്കുന്നതിനും കുറ്റമറ്റതാക്കുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് ഈ സർക്കാർ വർദ്ധിപ്പിച്ചത് എന്ന് പറയാമോ ? | (ബി) | ജനങ്ങൾക്ക് ഓഫീസുകളെ ആശ്രയിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ഓൺലൈൻ ആപ്ലിക്കേഷനും ഇ-പേയ്മെന്റ് സംവിധാനവും മോട്ടോർ വാഹന വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്.വകുപ്പിന്റെ പ്രവർത്തനം മുഴുവനും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ളതിനാൽ ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ നൽകുവാൻ സാധിക്കുന്നുണ്ട്. ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുവാൻ സാഹചര്യം ഇല്ലാത്തവർക്കായി എല്ലാ ഓഫീസുകളിലും കുടുംബശ്രീയുടെ സഹായത്തോടെ ഇ-സേവാ കേന്ദ്രങ്ങൾ ആരംഭിക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ആർ.ടി ഓഫീസുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ